# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3512 08.11.2019 -ലെ മറുപടിയ്ക്ക്

**എം. ജി. സർവ്വകലാശാലയിൽ ഫയൽ അദാലത്ത്**

ചോദ്യം

ശ്രീ. എ.പി. അനിൽ കുമാർ
ശ്രീ. അൻവർ സാദത്ത്
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. വി.പി.സജീന്ദ്രൻ

ഉത്തരം

**ഡോ. കെ. ടി. ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി )

| | | | |
|---|---|---|---|
| (എ) | കാലവിളമ്പമുള്ള ഫയലുകൾ തീർപ്പാക്കുന്നതിന് എം.ജി. സർവ്വകലാശാല ഫയൽ അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഈ വർഷം എന്നാണ് സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്; 2019 ഫെബ്രുവരി 22-ന് ആണ് സർവ്വകലാശാലയിൽ അദാലത്ത് സംഘടിപ്പിച്ചത്. |
| (ബി) | പ്രസ്തുത അദാലത്തിൽ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുള്ളവർ പങ്കെടുത്തിട്ടുണ്ടോ; | (ബി) | അദാലത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗം പങ്കെടുത്തിട്ടു ണ്ട്. എന്നാൽ അദാല ത്തിന്റെ ബിസിനസ് സെഷനിൽ പങ്കെടുത്തിട്ടില്ല. |
| (സി) | ഈ അദാലത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | പ്രസ്തുത അദാലത്തിൽ 280-ഓളം അപേക്ഷകളാണ് ലഭിച്ചത്. ഇതിൽ ഓരോ ഫയലിലും പ്രത്യേകം തീരുമാനം കൈക്കൊള്ളുകയാണ് ചെയ്തത്. അദാലത്തിന്റെ മാത്രമായ ഒരു മിനിറ്റ്സ് തയ്യാറാക്കിയിട്ടില്ല. |
| (ഡി) | പ്രസ്തുത അദാലത്തിൽ അനുജ മോഹനകുറുപ്പ് സമർപ്പിച്ച പരാതിയിൽ (ഫയൽ നമ്പർ 190081) എന്ത് തീരുമാനമാണ് എടുത്തത് എന്ന് അറിയിക്കുമോ? | (ഡി) | അനുജ മോഹനകുറുപ്പ് സമർപ്പിച്ച പരാതിയിൽ അദാലത്ത് തീരുമാനമൊന്നുമെടുത്തിട്ടില്ല. അദാലത്തിന്റെ തലേദിവസം ചേർന്ന സിൻഡിക്കേറ്റ് നിർവ്വാഹകസമിതി ഈ വിദ്യാർത്ഥിനിയുടെ പരാതി പരിശോധിച്ച് തീരുമാനമെടുക്കുകയായിരുന്നു. |

സെക്ഷൻ ഓഫീസർ.